# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.483** **29.01.2019-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ. യുടെ നിക്ഷേപങ്ങൾ

| | ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ധനകാര്യ സ്ഥാപനമായ കെ.എസ്.എഫ്.ഇ. യുടെ നിക്ഷേപങ്ങൾ ലോൺ സ്കീമുകൾക്ക് നൽകുന്നതിന് പകരം സർക്കാരിന്റെ സാമ്പത്തികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിയമാനുസൃതമാണോ; | (എ) | മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം കമ്പനിയ്ക്ക് ബാങ്കുകൾക്കോ, സർക്കാരിനോ, സർക്കാർ സ്ഥാപനങ്ങൾക്കോ മറ്റു സ്ഥാപനങ്ങൾക്കോ വായ്പ, സെക്യൂരിറ്റീസ്, വസ്തു എന്നിവ നൽകുകയോ അവയിൽ നിക്ഷേപം നടത്തുകയോ ഗ്രാന്റുകൾ, ഇളവുകൾ എന്നിവ ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. ആയതിനാൽ സർക്കാരിന് കെ.എസ്.എഫ്.ഇ നിക്ഷേപങ്ങളിൽ നിന്ന് വായ്പ നൽകിയത് നിയമപരമാണ്. |
| (ബി) | ഈ സ്ഥാപനത്തിൽ നിന്നും കെ.റ്റി.ഡി.എഫ്.സി.യ്ക്ക് ഈ സർക്കാർ കാലയളവിൽ ലോൺ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളത്; മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് ലോൺ നൽകാൻ കെ.എസ്.എഫ്.ഇ.യ്ക്ക് അനുമതി ഉണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് ഉണ്ടോയെന്ന് വ്യക്തമാക്കുമോ;. | (ബി) | ഈ സർക്കാർ കാലയളവിൽ കെ.എസ്.എഫ്.ഇ യിൽ നിന്നും KTDFC യ്ക്ക് ലോൺ അനുവദിച്ചിട്ടില്ല. |
| (സി) | കെ.എസ്.എഫ്.ഇ.യുടെ തന്നെ തിരുവനന്തപുരത്തെ സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സർക്കാർ നിർദ്ദേശപ്രകാരം ലോൺ അനുവദിച്ചിട്ടുണ്ടോ; എത്ര വർഷത്തേയ്ക്കാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കാമോ; | (സി)<br>&<br>(ഡി) | ഉണ്ട്. 18 മാസകാലാവധിയിലേയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. 16.09.2017 ലെ സ.ഉ(കൈ) 34/2017/സഹ നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ കബളിപ്പിക്കപ്പെട്ട നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകുന്നതിനായി കെ.എസ്.എഫ്.ഇ. യിൽ നിന്നും **15** കോടി രൂപ **2** ഗഡുക്കളായി സൊസൈറ്റിയ്ക്ക് വായ്പയായി നൽകുന്നതിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്.<br>സർക്കാർ ഗ്യാരന്റിയിലെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.<br>1. ടി വായ്പ 7.5 കോടി രൂപ വീതമുള്ള രണ്ട് തുല്യ ഗഡുക്കളായി നൽകുന്നതായിരിക്കും.<br>2. രണ്ടാം ഗഡു ആയ 7.5 കോടി രൂപ ക്രമക്കേടിന് ഉത്തരവാദികൾ ആയവരിൽ നിന്നും അപഹരിക്കപ്പെട്ട തുകയുടെ 50% തുക തിരികെ ഈടാക്കിയതിനു ശേഷം നൽകുന്നതാണ്. |
| (ഡി) | തിരുവനന്തപുരം കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ തിരിമറി നടത്തിയ ഡയറക്ടർമാർക്ക് എതിരെ സർക്കാർ | | |

| | | | |
|---|---|---|---|
| , | എന്തെല്ലാം നിയമ നടപടികളാണ് എടുത്തിട്ടുള്ളത്: എടുത്തിട്ടില്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ? | | 3. 4% വാർഷിക പലിശ നിരക്കിൽ 18 മാസതവണകളായി പ്രസ്തുത തുക തിരിച്ചടക്കേണ്ടതാണ്. ടി തിരിച്ചടവ് കൃത്യമായി വിലയിരുത്തേണ്ടതാണ്.<br><br>4. തിരിച്ചടവിൽ വീഴ്ച പറ്റുന്ന പക്ഷം മേൽപ്പറഞ്ഞ സർക്കാർ ഗ്യാരന്റി അസാധുവാക്കുന്നതിനു കെ.എസ്.എഫ്.ഇ. നിർബന്ധിതമാകുന്നതാണ്.<br><br>5. (I) 16/10/2004 ലെ ജി.ഒ.(എം.എസ്.) നം.487/ 04/ഫിൻ നമ്പർ ഉത്തരവ് പ്രകാരവും കേരള സീലിങ്ങ് ഓൺ ഗവ.ഗ്യാരന്റി ആക്ട് 2003 (2003 ലെ ആക്ട് 30) പ്രകാരവും 0.75% നിരക്കിൽ സൊസൈറ്റി ഗ്യാരന്റി കമ്മീഷൻ നൽകേണ്ടതാണ്.<br><br>(II) 16/10/2004 ലെ മേൽ സർക്കാർ ഉത്തരവിലെ ക്ലോസ് 5 ൽ വ്യക്തമാക്കിയിരിക്കുന്നതിൻ പ്രകാരം വൈകിയടയ്ക്കുന്ന ഓരോ തവണകൾക്കും 12% നിരക്കിൽ സാധാരണ പലിശ ഈടാക്കുന്നതാണ്.<br><br>(III) ഗ്യാരന്റി കമ്മീഷന്മേലുള്ള അർദ്ധ വാർഷിക റിപ്പോർട്ട്, ഗ്യാരന്റി കമ്മീഷനും പിഴപ്പലിശയും ഒടുക്കിയ ചലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.<br><br>(iv) വീഴ്ച വരുത്താതെ കൃത്യമായി തിരിച്ചടക്കുന്നതിന് സഹകരണ വകുപ്പ് ഉചിതമായ സംവിധാനം ആവിഷ്കരിക്കുന്നതാണ്.<br><br>ടി വായ്പയുടെ ആദ്യ ഗഡുതുകയായ **7.5** കോടി രൂപ നിക്ഷേപകർക്ക് വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്. **2**-ാം ഗഡു വായ്പാതുകയായ **7.5** കോടി രൂപ സംഘത്തിലെ ക്രമക്കേടിന് ഉത്തരവാദിയായവരിൽ നിന്നും **50%** തുക വസൂലാക്കിയ ശേഷം നൽകുന്നതിനാണ് ഗ്യാരന്റിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ടി സഹകരണ സംഘത്തിൽ തിരിമറി നടത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയ സംഘം ഭരണസമിതി അംഗങ്ങളായ **ശ്രീ. ആർ രാമകൃഷ്ണൻ, ശ്രീ. എസ്. മോഹനകുമാർ, ശ്രീ. എം. പത്മകുമാർ, ശ്രീ. എസ്. ഗിരീഷ് കുമാർ,** സംഘത്തിലെ താൽക്കാലിക ജീവനക്കാരൻ **ശ്രീ. എസ്. രവിശങ്കർ,** എന്നിവർക്കെതിരെ കേരള സഹകരണ നിയമം വകുപ്പ് **68(2)** പ്രകാരം സംഘത്തിൽ നിന്ന് അപഹരിച്ച **12,25,65,681/-** രൂപയും പലിശയും ഉൾപ്പെടെ **25,20,38,882/-** രൂപ ഈടാക്കുന്നതിന് സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടിയാളുകൾ തുക ഒടുക്കാൻ തയ്യാറാകാതിരുന്നതിനാൽ തുക വസൂലമാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**